# <u>കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം</u>

മെ.വി.വ. – ജീവനക്കാര്യം – നഴ്സിംഗ് അദ്ധ്യാപക വിഭാഗം – അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റ് – അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :–
1. 20/11/2001 – ലെ G.O(P) 297/2001/H&FWD.
2. 20/12/2001 – ലെ G.O(Rt) 3356/01/H&FWD.
3. 17/07/2003 – ലെ G.O(P) 153/2003/H&FWD.
4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ TA No.7414/2012 നം. ഹർജിയിന്മേലുള്ള 24/10/2017 – ലെ ഉത്തരവ്.
5. 03/03/2020 – ലെ ജി 1/907/2020/മെ.വി.വ. നം. പരിപത്രം പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോരിറ്റി പട്ടിക.
6. കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ശ്രീമതി.സുലേഖ.എ.ടി 16/03/2020 –ന് സമർപ്പിച്ച പരാതി.
7. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.പ്രേമലത.ടി. 17/03/2020 – ന് സമർപ്പിച്ച പരാതി.
8. കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ശ്രീമതി.സുലോചന കുമാർ 18/03/2020 – ന് സമർപ്പിച്ച പരാതി.
9. തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ.സരള.പി.എ. 18/03/2020 – ന് സമർപ്പിച്ച പരാതി.

## <u>ഉത്തരവ് നമ്പർ.ജി 1/907/2020/മെ.വി.വ തീയതി: 03/07/2020</u>

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ നഴ്സിംഗ് കോളേജുകളിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ താത്കാലിക സീനിയോരിറ്റി പട്ടിക പരാമർശം (5) പ്രകാരം പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതു സംബന്ധിച്ച പരാതികൾ സമർപ്പിക്കേണ്ട അവസാന തീയതി 20/03/2020 ആയിരുന്നു.

കോട്ടയം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസർമാരായ ശ്രീമതി. സുലോചന കുമാർ (ക്രമ നം.7), ശ്രീമതി. സുലേഖ.എ.റ്റി (ക്രമ നം.8) എന്നിവർ യഥാക്രമം പരാമർശം (8), (6) പ്രകാരം, ടി താൽകാലിക സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 6 (ആറ്) ആയുള്ള ശ്രീമതി. ശ്രീദേവി അമ്മ. സി –യ്ക്കെതിരെ സീനിയോരിറ്റി സംബന്ധിച്ച പരാതി നൽകുകയുണ്ടായി. ശ്രീമതി. സുലോചന കുമാർ 15/12/1989 – ലും, ശ്രീമതി. സുലേഖ. എ.റ്റി 24/05/1991 –ലും ശ്രീമതി. ശ്രീദേവി അമ്മ. സി 20/11/1993 – ലുമാണ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ജോലിയിൽ പ്രവേശിച്ചതെന്നും, ലക്ച്ചറർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം സംബന്ധിച്ച പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലും പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിലും ശ്രീമതി. സുലോചന കുമാർ, ശ്രീമതി. സുലേഖ. എ.റ്റി എന്നിവർ ശ്രീമതി. ശ്രീദേവി അമ്മ. സി യെക്കാൾ

സീനിയർ ആയിരുന്നു എന്നും, എന്നാൽ പിന്നീട് ശ്രീമതി. ശ്രീദേവി അമ്മ. സി – യ്ക്ക് ടി രണ്ടുപേരേക്കാളും സീനിയോരിറ്റി നൽകിക്കൊണ്ട് അസിസ്റ്റന്റ് പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ സ്ഥാനക്കയറ്റം നല്കുകയുണ്ടായെന്നും അതിനെതിരെ നിരവധി തവണ പരാതി നല്കിയിട്ടുണ്ടെന്നും 26/08/2008– ൽ ആയതു സംബന്ധിച്ച് ഈ കാര്യാലയത്തിൽ വച്ച് ഹിയറിങ് നടത്തുകയുണ്ടായെന്നും എന്നാൽ നാളിതുവരെ ടി വിഷയം പരിഹരിച്ചിട്ടില്ലെന്നും ആകയാൽ നിലവിലെ സീനിയോരിറ്റി ലിസ്റ്റ് ഭേദഗതി വരുത്തണമെന്നും ശ്രീമതി. സുലോചന കുമാർ, ശ്രീമതി. സുലേഖ. എ.റ്റി എന്നിവർ അപേക്ഷിച്ചിരിക്കുന്നു.

ടി വിഷയവുമായി ബന്ധപ്പെട്ട മുൻകാല ഫയലുകൾ പരിശോധിച്ചതിൽ നിന്നും, പരാമർശം (1) പ്രകാരമുള്ള സെലക്ട് ലിസ്റ്റിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി. ശ്രീദേവി അമ്മ. സി ബഹു.കേരള ഹൈക്കോടതി മുൻപാകെ OP No. 48/2002 (E) ഹർജി ഫയൽ ചെയ്യുകയും ആയതിന്മേൽ ബഹു.കേരള ഹൈക്കോടതിയുടെ 13/08/2002 – ലെ വിധി അനുസരിച്ച്, Departmental Promotion Committee ടി വിഷയം വിശദമായി പരിശോധിയ്ക്കുകയും ചുവടെ ചേർക്കുന്ന വസ്തുത ചൂണ്ടിക്കാട്ടി, പ്രസ്തുത സെലക്ട് ലിസ്റ്റ് ഭേദഗതി വരുത്തി പരാമർശം (3) പ്രകാരമുള്ള ഉത്തരവായി പ്രസിദ്ധീകരിക്കുകയുമുണ്ടായി.

"As per Rule 28 (13) (I A) of KS & SSR, when a select list is prepared subsequent to the occurrence of a vacancy, no person who was not qualified for inclusion in the select list at the time of occurrence of vacancy shall not be included in the select list. The person who gets qualified first thereafter shall be considered for promotion to the post first."

ആയതിൻ പ്രകാരം ശ്രീമതി. ശ്രീദേവി അമ്മ. സി – ക്രമ നം. (4), ശ്രീമതി. സുലോചന കുമാർ – ക്രമ നം. (6), ശ്രീമതി. സുലേഖ. എ.റ്റി – ക്രമ നം. (10) എന്നിങ്ങനെയാണ് സീനിയോരിറ്റി നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. അതിനെതിരെ ശ്രീമതി. മേരിക്കുട്ടി. പി.വി, ശ്രീമതി.സുലോചന കുമാർ എന്നിവർ ബഹു.കേരള ഹൈക്കോടതിയിൽ WP (C) 3919/2009 നം. ഹർജി ഫയൽ ചെയ്തു. എന്നാൽ, ആയത് ഫലപ്രദമല്ലാത്തതെന്ന് ചൂണ്ടിക്കാട്ടി പരാമർശം (4) പ്രകാരം ബഹു.കേരള ഹൈക്കോടതി ടി ഹർജി തള്ളിക്കളഞ്ഞിട്ടുള്ളതായി കാണുന്നു.

ടി സാഹചര്യത്തിൽ നിലവിലെ പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റ് സംബന്ധിച്ച് ശ്രീമതി. സുലോചന കുമാർ, ശ്രീമതി. സുലേഖ. എ.റ്റി എന്നിവർ സമർപ്പിച്ചിട്ടുള്ള പരാതികൾ നിയമപരമായി നിലനിക്കുന്നതല്ലാത്തതിനാൽ പരിഗണിയ്ക്കാൻ നിർവ്വാഹമില്ല.

തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. സരള. പി.എ. (ക്രമ നം. 9) പരാമർശം (9) പ്രകാരം സമർപ്പിച്ചിട്ടുള്ള പരാതിയിൽ ശ്രീമതി. സുലേഖ. എ.റ്റി അസോസിയേറ്റ് പ്രൊഫസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത് ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പുറത്തിറങ്ങി 65 ദിവസത്തിന് ശേഷമാണ് എന്നും ആകയാൽ ടിയാരിയേക്കാൾ സീനിയോരിറ്റി അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു. കൂടാതെ, തിരുവനന്തപുരം സർക്കാർ നഴ്സിംഗ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസറായ ഡോ. പ്രേമലത. ടി (ക്രമ നം. 11) യും പരാമർശം (7) പ്രകാരം ശ്രീമതി. സുലേഖ. എ.റ്റി – യ്ക്കെതിരെ ഇതേ പരാതി അറിയിച്ചിരിക്കുന്നു. അതോടൊപ്പം തന്നെ ഡോ. പ്രേമലത. ടി യുടെ പരാതിയിൽ, ടിയാരി

അസിസ്റ്റന്റ് പ്രൊഫസറായി ജോലിയിൽ പ്രവേശിച്ചത് 10/02/2003 – ലും ശ്രീമതി. തങ്കമണി. വി.കെ (ക്രമ നം. 10) അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചത് 12/05/2003 – ലും (92 ദിവസം കഴിഞ്ഞ്) ആണെന്നും ആകയാൽ നിലവിലെ താത്കാലിക സീനിയോരിറ്റി പട്ടികയിൽ ശ്രീമതി. സുലേഖ. എ.റ്റി, ശ്രീമതി. തങ്കമണി. വി.കെ. എന്നിവരേക്കാൾ ജൂനിയർ ആകയാൽ സീനിയോരിറ്റി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

KS & SSR, Rule 27 (a) അനുസരിച്ച് ഡോ.സരള. പി.എ, ഡോ.പ്രേമലത. ടി എന്നിവരുടെ പരാതികൾ നിയമപരമായി സാധുതയില്ലാത്തവ ആകയാൽ പരിഗണനാർഹമായി കാണുന്നില്ല.

കൂടാതെ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച താത്കാലിക സീനിയോരിറ്റി പട്ടികയിൽ ക്രമ നം. (4) ആയുള്ള ഡോ. ആൻസി മാത്യൂ, ക്രമ നം. (19) ആയുള്ള ശ്രീമതി. സുലേഖ റഷീദ് എന്നിവർ 31/05/2020 – ന് സർവീസിൽ നിന്ന് വിരമിക്കുകയുണ്ടായി. കോവിഡ് രോഗബാധയുമായി ബന്ധപ്പെട്ട് നിയന്ത്രിത കാലയളവാകയാൽ ടി താൽക്കാലിക സീനിയോരിറ്റി പട്ടികയിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് കാലതാമസം നേരിടുകയുണ്ടായി.

ടി സാഹചര്യത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ നഴ്സിംഗ് കോളേജുകളിലെ അസ്സോസിയേറ്റ് പ്രൊഫസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോരിറ്റി പട്ടികയിൽ നിന്നും 31/05/2020 – ന് സർവീസിൽ നിന്ന് വിരമിച്ച, ഡോ. ആൻസി മാത്യൂ, ശ്രീമതി. സുലേഖ റഷീദ് എന്നിവരുടെ പേരുകൾ ഒഴിവാക്കിക്കൊണ്ട് അന്തിമ പട്ടികയായി തീർപ്പാക്കി ഉത്തരവാകുന്നു. അന്തിമ സീനിയോരിറ്റി പട്ടിക അനുബന്ധം – 1 ആയി ചേർക്കുന്നു.

Signature Not Verified
Digitally signed by DR REMLA BEEVI.A
Date: 2020.07.03 09:50:59 IST
Reason: Approved

DR REMLA BEEVI.A
DIRECTOR

സ്വീകർത്താവ് :– 1. ബന്ധപ്പെട്ട അദ്ധ്യാപകർ (പ്രിൻസിപ്പാൾ മുഖേന).
2. പ്രിൻസിപ്പാൾ, സർക്കാർ നഴ്സിംഗ് കോളേജ് തിരുവനന്തപുരം / ആലപ്പുഴ /കോട്ടയം / എറണാകുളം / തൃശ്ശൂർ / കോഴിക്കോട്.

പകർപ്പ്: 1. ജൂനിയർ സൂപ്രണ്ട്, ഡി.പി.സി. വിഭാഗം.
2. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.
3. നോട്ടീസ് ബോർഡ് / വെബ്സൈറ്റ്.

# Annexure - 1

Directorate of Medical Education
**Kerala, Thiruvananthapuram**

No.G1/907/2020/DME Date: 03/07/2020

**FINAL SENIORITY LIST IN THE CADRE OF ASSOCIATE PROFESSOR IN NURSING UNDER THE MEDICAL EDUCATION SERVICE AS ON 01.02.2020.**

| Sl. No | Name & Station | Date of Birth | Order No. and Date Promotion to the cadre of Associate Professor | Date of joining as Associate Professor | Date of declaration of probation in the cadre of Associate Professor, Order No. and date | Details of pending disciplinary action/ Vigilance enquiry | LWA | Remarks |
|---|---|---|---|---|---|---|---|---|
| 1. | Smt.K.S.Laly GCN KKD | 10/05/64 | GO(Rt)No. 2572/2007/ H&FWD dtd: 13/08/07 | 20.08.07 | **20/08/08 FN** GO(Rt)No. 1517/2009/ H&FWD dtd:03/06/09 | Nil | Nil | Nil |
| 2. | Smt. Vilasini. C GCN KKD | 01/06/61 | G.O.(Rt)No. 1635/2010/ H&FWD dtd: 19/04/10 | 20.04.10 | **20/10/10 FN** GO(Rt)No. 534/2020/ H&FWD dtd:07/03/20 | Nil | Nil | Nil |
| 3. | Smt.Mercy George GCN KKD | 01/04/62 | G.O.(Rt)No. 1635/2010/ H&FWD dtd: 19/04/10 | 30/04/10 | **09/11/10 FN** G.O.(Rt)No. 3328/2018/ H&FWD dtd.07/11/18 | Nil | Nil | Nil |
| 4. | Dr.Lucyamma Joseph GCN TVPM | 05/04/63 | G.O.(Rt)No. 1635/2010/ H &FWD dtd: 19/04/10 | 19/04/10 | **09/11/10 FN** G.O.(Rt)No. 270/2013 / H&FWD dtd. 25/01/13 | Nil | Nil | Nil |
| 5. | Smt.Sreedevi Amma. C GCN TVPM | 30/05/65 | GO (Rt) No. 4003/2012/ H & FWD dtd:06/12/12 | 11/12/12 | **11/06/13 FN** G.O (Rt) No. 1970/2014/ H &FWD dtd: 16/06/14 | Nil | Nil | Nil |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6. | Smt. Sulochana Kumar<br>GCN Kottayam | 24/09/61 | GO (Rt) No. 4003/2012/ H&FWD dtd:06/12/12 | 12/12/12 | **12/06/13 FN**<br>G.O.(Rt)No. 1904/2014/ H&FWD dtd:09/06/14 | Nil | Nil | Nil |
| 7. | Smt.Sulekha. A.T<br>GCN Kottayam | 27/04/65 | GO (Rt)No. 4003/2012/ H & FWD dtd. 06/12/12 | 11/02/13 | G.O. (Rt) No. 1939/2015/ H &FWD dtd: 25/06/15 w.e.f. 06/10/13 F.N. | Nil | Nil | Nil |
| 8. | Dr.P.A. Sarala<br>GCN TVPM | 31/05/64 | GO (Rt) No. 4003/2012/ H&FWD dtd:06/12/12 | 11/12/12 | **21/06/13 FN**<br>G.O.(Rt)No. 1874/2014/ H&FWD dtd:06/06/14 | Nil | Nil | Nil |
| 9. | Smt.Thanka-many.V.K.<br>GCN TSR | 29/05/64 | GO (Rt) No. 4003/2012/ H&FWD dtd. 06/12/12 | 07.01.13 | Proposal under processing | Nil | Nil | Nil |
| 10. | Dr.Premalata.T<br>GCN TVPM | 20/05/65 | G.O (Rt)No. 4003/2012/ H&FWD dtd. 06/12/12 | 11.12.12 | **11/06/13 F.N**<br>G.O.(Rt)No. 967/2015/ H&FWD dtd. 24.03.15 | Nil | Nil | Nil |
| 11. | Smt.Seenath. K.P<br>GCN KKD | 09/05/65 | G.O(Rt) No. 4003/2012/ H&FWD dtd. 06/12/12 | 07.01.13 | **28/07/13 F.N**<br>G.O.(Rt)No. 3289/2018/ H&FWD dtd. 02.11.18 | Nil | Nil | Nil |
| 12. | Smt.Nazeem. K.A.<br>GCN EKM | 05/02/62 | G.O.(Rt)No. 3245/2013/ H&FWD dtd. 23/09/13 | 25.10.13 | **24/06/14 F.N**<br>G.O.(Rt)No. 3604/2015/ H&FWD dtd. 05.11.15 | Nil | Nil | Nil |
| 13. | Dr.Beena.M.R<br>GCN TVPM | 25/05/66 | G.O.(Rt)No. 4078/2015/ H & FWD dtd. 26/12/15 | 30.12.15 | **29/06/16 F.N**<br>G.O. (Rt)No. 977/2017/ H & FWD dtd. 03/04/17 | Nil | Nil | Nil |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14. | Dr.J. Sreedevi<br>GCN KKD | 16/02/63 | G.O.(Rt)No. 3293/2016/ H & FWD dtd. 08/12/16 | 06.02.17 | **30/09/17 F.N**<br>G.O. (Rt) No. 3176/2018/ H & FWD dtd. 20/10/18 | Nil | Nil | Nil |
| 15. | Dr.Rajalekshmi. K<br>GCN TVPM | 19/07/64 | G.O.(Rt)No. 3293/2016/ H & FWD dtd. 08/12/16 | 23.02.17 | **04/11/17 F.N**<br>G.O. (Rt) No. 65/2019/ H & FWD dtd. 11/01/19 | Nil | Nil | Nil |
| 16. | Dr.Mini Sacharia<br>GCN Alappuzha | 30/05/64 | G.O.(Rt)No. 3344/2018/ H & FWD dtd. 08/11/18 | 10/12/18 | Not Declared | Nil | Nil | Nil |
| 17. | Smt.Lara.N.R<br>GCN TSR | 06/10/63 | G.O.(Rt)No. 3344/2018/ H & FWD dtd. 08/11/18 | 12/11/18 | Proposal under processing | Nil | Nil | Nil |
| 18. | Smt.Sulochana. V.A.<br>GCN Kottayam | 20/04/65 | G.O (Rt)No. 3112/2019/ H & FWD dtd. 26/12/19 | 21/01/20 | Not Declared | Nil | Nil | Nil |
| 19. | Smt.Marykkutty Mathew<br>GCN Kottayam | 08/04/64 | G.O.(Rt)No. 3112/2019/ H & FWD dtd. 26/12/19 | 04/01/20 | Not Declared | Nil | Nil | Nil |
| 20. | Smt.Omana.K<br>GCN TVPM | 10/02/62 | G.O.(Rt)No. 3112/2019/ H & FWD dtd. 26/12/19 | 28/02/20 | Not Declared | Nil | Nil | Nil |

03/07/2020

Signature Not Verified
Digitally signed by DR REMLA BEEVI A
Date: 2020.07.03 18:43:20 IST
Reason: Approved

**REMLA BEEVI.A**
**DIRECTOR**